**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2852** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഉണ്ടെങ്കിലും അവയൊന്നും ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൃത്യമായ വിലയിരുത്തൽ നടത്താറുണ്ടോ; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിനും കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗവിവരങ്ങൾ അവലോകനം ചെയ്യുന്നതിന് പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം ലഭ്യമാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതിയോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ തിരിച്ച് യഥാ സമയം പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതാത് വർഷം |

| | | | |
|---|---|---|---|
| | | | ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവർത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം പൂർത്തീകരിക്കുന്നുണ്ട്. |
| (സി) | സംസ്ഥാന തലത്തിൽ പ്രവർത്തിച്ച് വരുന്ന എസ്.സി./എസ്.ടി. ഉന്നതതല കമ്മിറ്റി അവസാനമായി മീറ്റിങ് കൂടിയത് എന്നാണെന്നും മീറ്റിങിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ? | (സി) | സംസ്ഥാനതല എസ്.സി/എസ്.ടി ഉന്നതതല സമിതി എന്ന പേരിൽ പട്ടികജാതി വികസന വകുപ്പിലോ പട്ടികവർഗ്ഗ വികസന വകുപ്പിലോ ഒരു സമിതിയും നിലവിലില്ല. |

സെക്ഷൻ ഓഫീസർ